# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA PKD 12/1522/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD 12/1522/22 തീയ്യതി: 08/07/2022

## പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2020 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ ഇ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എ ബി സുരേഷ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രമാദേവി കെ ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കെ രാജൻ ഓഡിറ്റർ ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീധരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സി കെ ഹരിദാസൻ | സെക്രട്ടറി | 01-04-2019 | 09-06-2019 |
| രാജേഷ് ചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2019 | 20-06-2019 |
| സി കെ ഹരിദാസൻ | സെക്രട്ടറി | 21-06-2019 | 27-06-2019 |
| രാജേഷ് ചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-06-2019 | 30-06-2019 |
| എം സി കുഞ്ഞഹമ്മദ് കുട്ടി | സെക്രട്ടറി | 01-07-2019 | 31-07-2019 |
| സി കെ ഹരിദാസൻ | സെക്രട്ടറി | 01-08-2019 | 04-12-2019 |
| ഉദയൻ മേനോൻ പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-12-2019 | 09-12-2019 |
| എ ശ്രീധരൻ | സെക്രട്ടറി | 10-12-2019 | 12-12-2019 |
| ഉദയൻ മേനോൻ പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-12-2019 | 18-02-2020 |
| സി കെ ഹരിദാസൻ | സെക്രട്ടറി | 19-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കർണൻ എം ആർ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| വി രാമൻകുട്ടി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഷിബു എ ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| അംബിക പി | വി ഇ ഒ | 01-04-2019 | 06-09-2019 |
| പ്രഭ കെ | വി ഇ ഒ | 07-09-2019 | 31-03-2020 |
| പ്രസന്ന ടി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| നസീമ എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.കൃഷ്ണകുമാർ | എം ഓ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ദീപ്പു ശശിധരൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 30-12-2019 |
| ഡോ.ഇന്ദു ബാലചന്ദ്രൻ | മെഡിക്കൽ ഓഫീസർ | 31-12-2019 | 21-01-2020 |
| ഡോ.അനില | മെഡിക്കൽ ഓഫീസർ | 22-01-2020 | 31-01-2020 |
| ഡോ,ഇബ്രാഹിം ഷിബിൽ | മെഡിക്കൽ ഓഫീസർ | 01-02-2020 | 31-03-2020 |
| ഡോ.ഒ കുരിയച്ചൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A B Suresh (Asst. Audit Officer, On 01-07-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 01-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-06-2022) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 26-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-11 |
| 13 | അങ്കണവാടി പോഷകാഹാരം-ജി.എസ്.ടി. ടി.ഡി.എസ്.കുറവ് ചെയ്തിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 26-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-12 |
| 14 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-06-2022) | 1-13 |
| 15 | കരാർ ചമയ്ക്കുവാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഇടാക്കിയില്ല<br>Written By: A B Suresh (Asst. Audit Officer, On 25-06-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 01-07-2022) | 1-14 |
| 16 | ബിറ്റുമിൻ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 25-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 04-07-2022) | 1-15 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബിറ്റുമിൻ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 25-06-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 25-06-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 30-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 08-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

8-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 4035015 |
| തൻവർഷം വരവ് | 60638666 |
| ആകെ വരവ് | 64673681 |
| ചെലവ് | 64065681 |
| നീക്കിയിരിപ്പ് | 608000 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 27.7.2020 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1.Bidders Emd B7 ലെ തുകയും രജിസ്റ്ററിലെ സംക്ഷിപ്തവും പൊരുത്തപ്പെടുന്നില്ല.

2. MGNREGS ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ വരവ്-ചെലവ് സംക്ഷിപ്തം വാർഷിക കണക്കിലേതുമായി പൊരുത്തപ്പെടുന്നില്ല.

3.ലോൺ രജിസ്റ്ററിൽ ലോൺ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്. ലോൺ വരവ് , തിരിച്ചടവ്, തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി, വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.VAPCOS ( തനത് ഫണ്ട് അക്കൗണ്ട് )- വാർഷിക കണക്കിലെയും, ബാങ്ക് അക്കൗണ്ടിലെയും നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

5. സംയുക്ത പ്രോജക്റ്റുകളുടെ വരവ് ചെലവ് കണക്കുകൾക്കായി പ്രത്യേക അപ്രോപ്രിയേഷൻ രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

6. ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഇവ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9582592 |
| വരവ് | 48775801 |
| ആകെ | 58358393 |
| ചെലവ് | 49473743 |
| നീക്കിയിരിപ്പ് | 8884650 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 7012565 | 7012565 | 6241315 | 771250 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 1772050 | 1772059 | 600828 | 1171231 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12516000 | 12516000 | 8947532 | 3568468 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3251000 | 3251000 | 2537157 | 713843 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 6446589 | 6446589 | 2052279 | 4394310 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക-832200 ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് 588235എന്നിവയുള്ള ചെലവ് തുകയായ 1420435രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 102941മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 14706മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 435184 | 912316 | 1347500 | 998618 | 348882 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 22792 | 1599316 | 1622108 | 1621630 | 478 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 23643627 | 23643627 | 23643627 | 0 |
| ആകെ | 22792 | 25242943 | 25265735 | 25265257 | 478 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 247838 | 760000 | 1007838 | 760000 | 247838 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 67707458 | 154 | 36750317 | 0 | 49 | 75.74 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 75.7% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 54.27% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

1-5-2

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 3347183 | 1107000 | 33.07 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 3050000 | 1145000 | 37.54 |
| മെഡിക്കൽ ഓഫീ സർ-PHC | 4 | 4 | 471730 | 404973 | 85.85 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 2 | 2 | 400000 | 400000 | 100 |
| വി.ഇ.ഒ | 16 | 16 | 19280145 | 10604693 | 55 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 2767140 | 2216363 | 80.1 |
| സെക്രട്ടറി | 27 | 21 | 10464296 | 5963897 | 56.99 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 128 | 48 | 60407031 | 20095840 | 33.27 |
| എച്ച്.എം | 4 | 3 | 1015000 | 943626 | 92.97 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 975000 | 500000 | 51.28 |
| ആകെ | 203 | 112 | 102177525 | 43381392 | 42.46 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 22792 | 1599316 | 1622108 | 1621630 | 478 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 23643627 | 23643627 | 23643627 | 0 |
| ആകെ | 22792 | 25242943 | 25265735 | 25265257 | 478 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 52440 | 56 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2358600 | 389 |
| 3 | വിധവാ പെൻഷൻ | 4174800 | 744 |
| 4 | വാർദ്ധക്യകാല പെൻഷൻ | 8425500 | 1502 |
| 5 | വികലാംഗ പെൻഷൻ | 1351100 | 232 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 736800 | 138 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | -- | -- |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-6-22ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2192രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ഭരണനിർവഹണ സംവിധാനം നല്ല രീതിയിൽ നടക്കുന്നുണ്ട്. രേഖകളും രജിസ്ററുകളുമെല്ലാം പൂർണമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2006-07മുതൽ 2010-11 വരെയുള്ള കണക്കുകളാണ്

പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ഫെബ്രുവരി 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

### 1-11 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-20സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജോലി ചെയ്യുന്നവരുടെ എണ്ണം | തൊഴിൽ നികുതി അടവാക്കാനുള്ളത് |
|---|---|---|---|
| 1 | ഈസാഫ് ധനകാര്യ സ്ഥാപനം | | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | സ്റ്റെർലിംഗ് ഫ്യൂവൽസ് | 7 | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | സതേൺ ആഗ്രോ ഫീഡ്സ് | | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | ഐരാവത് ഫ്യൂവൽസ് | 11 | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | തിരുവഴിയാട് ട്രേഡേർസ് ഡെവലപ്പ്മെന്റ് കോ-ഓപ് സൊസൈറ്റി | | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | കുളക്കാട് ക്ഷീര സംഘം | 3 | ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | സപ്ലേകോ മാവേലി സ്റ്റോർ | 4 | ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | ഇൻഡി ട്രേഡ് മൈക്രോ ഫിനാൻസ് | 5 | ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | തിരുവഴിയോട് ടൌൺ മിൽക്ക് സൊസൈറ്റി | | ഒന്നും രണ്ടും അർദ്ധ വർഷം |
| 10 | കൂതുവാറ്റൂർ മിൽക്ക് സൊസൈറ്റി | | ഒന്നും രണ്ടും അർദ്ധ വർഷം |
| 11 | ചെർപ്പുളശ്ശേരി സർവ്വീസ് കോ-ഓപ്പ് ബാങ്ക് | | ഒന്നും രണ്ടും അർദ്ധ വർഷം |

ബി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കനറാ ബാങ്ക്, വെള്ളിനേഴി |
| 2 | മാവേലി സ്റ്റോർ |
| 3 | വനിത കോ-ഓപ്പ് സൊസൈറ്റി |
| 4 | ഈസാഫ് ധനകാര്യ സ്ഥാപനം |
| 5 | ചെർപ്പുളശ്ശേരി സർവ്വീസ് കോ-ഓപ്പ് ബാങ്ക് |
| 6 | അഗ്രിക്കൽച്ചരൽ ഇംപ്രൂവ് സൊസൈറ്റി |
| 7 | ഒറ്റപ്പാലം പ്രൈമരി കോ-ഓപ് അഗ്രിക്കൽച്ചരൽ റൂറൽ ഡവലപ്പ്മെന്റ് |
| 8 | മൾട്ടി പർപ്പസ് കോ-ഓപ് സൊസൈറ്റി |
| 9 | വനിത കൊ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 10 | ഇൻഡി ട്രേഡ് മൈക്രോ ഫിനാൻസ് |
| 11 | പട്ടികജാതി കോ-ഓപ്പറേറ്റീവ് ബാങ്ക്, തിരുവഴിയോട് |

സി. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | മുഹമ്മദ് ബഷീർ.കെ. |
| 2 | മുരളീകൃഷ്ണൻ.പി.റ്റി. |
| 3 | വേണുഗോപാലൻ.കെ.കെ |
| 4 | അബു താഹിർ |
| 5 | സജീഷ്.പി |
| 6 | രാധാകൃഷ്ണൻ.എം |
| 7 | ശശികുമാർ.പി |
| 8 | ഗോവിന്ദൻകുട്ടി.കെ.റ്റി |
| 9 | അരവിന്ദൻ.കെ |

| | |
|---|---|
| 10 | ജോൺ.എം.എം. |
| 11 | അബ്ദുൾ സലാം ഇ.കെ. |
| 12 | സൈതലവി.കെ. |
| 13 | അഭിലാഷ് |
| 14 | പ്രദീപൻ.പി. |

ഡി. റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുറത്തിറക്കിയ റിപ്പോർട്ടിൽ താലൂക്ക് സപ്ളൈ ഓഫീസിൽ നിന്നും ലഭ്യമായ റേഷൻ കടകളുടെ വിവരമനുസരിച്ച് താഴെ കൊടുത്തിട്ടുള്ള റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | റേഷൻ കടയുടെ നമ്പർ(ARD) | സ്ഥലം |
|---|---|---|
| 1 | 54 | വെള്ളിനേഴി |
| 2 | 55 | കുറ്റാനശ്ശേരി |
| 3 | 56 | കുരുവാറ്റൂർ |
| 4 | 104 | തിരുവാഴിയോട് |
| 5 | 117 | കുളക്കാട് |
| 6 | 196 | അടക്കാപുത്തൂർ |
| 7 | 208 | ചാമക്കുന്നു |
| 8 | 222 | തിരുനാരായണപുരം |
| 9 | 287 | പുത്തംകുളം |

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.1/16.6.22) ന് മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 അങ്കണവാടി പോഷകാഹാരം-ജി.എസ്.ടി. ടി.ഡി.എസ്.കുറവ് ചെയ്തിട്ടില്ല

(1)

| | |
|---|---|
| പ്രൊജക്ട് | 89/19-20 അനുപൂരക പോഷകാഹാരം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്-500000/-<br>കേന്ദ്ര ധനകാര്യ വിഹിതം-471191/-<br>ആകെ - 1000000/- |
| ചെലവ് | വികസന ഫണ്ട്-500000/-<br>കേന്ദ്ര ധനകാര്യ വിഹിതം-500000/-<br>ആകെ -971191/- |
| ബിൽ /ചെക്ക് നം/തിയതി | 1/29.7.19- 388183/-<br>2/31.8.19-80336/-<br>4/24.10.19- - 31481/-<br>0543167/30.8.19- 45912/-<br>543174/31.1.20 - 53188/-<br>/27.3.21 - 372091/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 137/26.4.19 | 54000 |
| 2 | 143/27.5.19 | 60240 |
| 3 | 147/25.6.19 | 59455 |
| 4 | 153/25.7.19 | 61910 |
| 5 | 162/24.8.19 | 57270 |
| 6 | 170/26.9.19 | 68815 |
| 7 | 185/20.1.20 | 73500 |
| 8 | 188/24.2.20 | 72345 |
| | ആകെ | 507535/- |

(2)

| | |
|---|---|
| പ്രൊജക്ട് | 91/19-20 അനുപൂരക പോഷകാഹാരം (എസ്.സി.) |

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി)-300000/-<br>കേന്ദ്ര ധനകാര്യ വിഹിതം-100000/-<br>ആകെ - 400000/- |
| ചെലവ് | വികസന ഫണ്ട്(എസ്.സി.പി)-300000/-<br>കേന്ദ്ര ധനകാര്യ വിഹിതം-100000/-<br>ആകെ - 400000/- |
| ബിൽ /ചെക്ക് നം/തിയതി | 5/29.10.19-205278/-<br>13/16.3.20-94722/- |

ചെലവിന്റെ വിശദ വിവരം

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 170/26.9.19 | 68815 |
| 2 | 177/26.10.19 | 64515 |
| 3 | 182/23.12.19 | 72720 |
| 4 | 191/20.3.20 | 82600 |
| | ആകെ | 288650/- |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ പവിത്രം കുടുംബശ്രീ യൂണിറ്റ്, വിപണന തൊഴിൽ കേന്ദ്രം, കടമ്പഴിപ്പുറം (GSTIN-3ZAAPFP9320BIZG) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്.

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക

പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.2/16.6.22) ന് സ്ഥാപനം ജി.എസ്.ടി. ഒടുക്കിയ രസീത് ഹാജരാക്കുന്നതിനാൽ വീണ്ടും ഇതിന്മേൽ ടി.ഡി.എസ്. ഈടാക്കേണ്ടതില്ല എന്നതിനാലാണ് ടി.ഡി.എസ്. ഈടാക്കാതിരുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

ഭാവയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2019-20 വർഷത്തിൽ, സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി, KSEB എന്നീ സ്ഥാപനങ്ങളിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|---|
| 1. | 188/20-മായംകുളം ഇ എം എസ് നഗർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 300000(വികസന ഫണ്ട് എസ് സി പി) | 260000 ബിൽ നം 35/19.11.19 | KWA PH ഡിവിഷൻ, ഷൊർണ്ണൂർ |
| 2 | 189/20-റോഡ് റെസ്റ്റോറേഷൻ തുക അടവാക്കൽ | 130000(CFC ഗ്രാന്റ്) | 130000 ബിൽ നം 12/13.8.2019 | KWA PH ഡിവിഷൻ, ഷൊർണ്ണൂർ |
| 3 | 101/20-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക അടവാക്കൽ | 100000(വികസന ഫണ്ട് ജനറൽ) | 41334 ബിൽ നം 38/30.12.2019 | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, ശ്രീകൃഷ്ണപുരം |

പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.(എൻക്വയറി നം 5/18-6-2022)

1-14 കരാർ ചമയ്ക്കുവാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഇടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009-6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനുശേഷം 7 ദിവസത്തിനകമോ ഫേം പീരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ ഉടമ്പടി വച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാർ ഉടമ്പടി വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതും ഇം.എം.ഡി മുതൽ കൂട്ടി കരാർ നിബന്ധനകൾക്ക് അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വെള്ളിനേഴി ഗ്രാമപഞ്ചായത്ത് 2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ കരാറിലേർപ്പെടുന്നതിന് കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

കിള്ളിക്കുറിശ്ശിക്കാവ് റോഡ് മെറ്റലിംഗ് & ടാറിംഗ്

പ്രോജക്റ്റ് നം-SO/146/20

അടങ്കൽ-2,00,000.00 (MG Road)

ചെലവ്-2,00,000.00

ആകെ പ്രവൃത്തി മൂല്യം-2,00,000.00

ബിൽ നമ്പർ-8/25.6.2019 2,00,000.00

അളവ്പുസ്തകം-23/17-18

എഗ്രിമെന്റ്-Agt No-73/AE/LSGD/VLY/18-19 തീയതി 25.09.2018

കോൺട്രാക്ടർ-കെ.ടി.ഗോവിന്ദൻകുട്ടി

സെലക്ഷൻ നോട്ടീസ് തീയതി/ടെണ്ടർ അംഗീകരിച്ച തീയതി 7.09.2018

എഗ്രിമെന്റ് വെക്കേണ്ടിയിരുന്ന അവസാന തീയതി 21.09.2018

ഈടാക്കേണ്ടിയിരുന്ന പിഴ 2000.00

മേൽപ്പറഞ്ഞ വിധം പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.3/17.06.2022)

1-15 ബിറ്റുമിൻ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്.ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ ഈ പ്രവൃത്തികയിലും ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടല്ല കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ബാരൽ വില പിന്നീട് ഈടാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1 മലമ്പള്ള റോഡ് റീടാറിംഗ്

പ്രോജക്ട് നം-SO/157/20

അടങ്കൽ-1,00,000.00 (പ്ലാൻ ജനറൽ)

ചെലവ്- 1,00,000.00 ബിൽ നമ്പർ-3/25.6.2019

കോൺട്രാക്ടർ-കെ.കെ.വേണുഗോപാലൻ

അളവ്പുസ്തകം-50/17-18

| | | |
|---|---|---|
| അളവ്പുസ്തക പ്രകാരം ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | RS1<br>95kg | VG 30<br>797 Kg |

ടാർ ബാരലിന്റെ എണ്ണം-6

ടാർ ബാരലിന് ഈടാക്കേണ്ട വില- 6 X 281= 1686

2 ഹൈസ്കൂൾ ചരക്കളം റോഡ് റീടാറിംഗ്

പ്രോജക്ട് നം-SO/148/20

അടങ്കൽ-1,50,000.00 (എം ജി റോഡ്)

ചെലവ്- 1,50,000.00 ബിൽ നമ്പർ-6/25.6.2019

കോൺട്രാക്ടർ-കെ.കെ.വേണുഗോപാലൻ

അളവ്പുസ്തകം-26/17-18

| | | |
|---|---|---|
| അളവ്പുസ്തക പ്രകാരം | RS1 | VG |

| | | |
|---|---|---|
